## കേരള സർക്കാർ

ധനകാര്യ വകുപ്പ് - നിയോജക മണ്ഡല ആസ്തി വികസന പദ്ധതി - പ്രവർത്തികളുടെ അടങ്കൽ തുക പത്തു ലക്ഷമാക്കി കുറയ്ക്കുന്നത്-സംബന്ധിച്ച്

---

### ധനകാര്യ (നോഡൽ സെന്റർ -ബി) വകുപ്പ്

സ.ഉ (പി) നം. 505/2014/ധന തീയതി, തിരുവനന്തപുരം 15.11.2014

---

പരാമർശം :- 1. 11.06.2012 ലെ സ.ഉ (പി) നം. 332/2012/ധന.
2. 06.04.2013 ലെ സ.ഉ (പി) നം. 157/2013/ധന.

### ഉത്തരവ്

2012-13 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം ഓരോ എം.എൽ.എ മാർക്കും അവരുടെ നിയോജക മണ്ഡലത്തിൽ അഞ്ചു കോടി രൂപയുടെ ആസ്തി നിർമ്മാണ / വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് രൂപീകരിക്കുകയും സൂചന (1) ഉത്തരവ് പ്രകാരം ഇതിന്റെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുമുണ്ടായി.

സൂചന (2) ഉത്തരവ് പ്രകാരം ഈ പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കാവുന്ന പ്രവർത്തികളുടെ കുറഞ്ഞ തുക 25 ലക്ഷമായും ഒരു വർഷത്തിൽ അനുവദിക്കാവുന്ന പരമാവധി പ്രവർത്തികളുടെ എണ്ണം 15 (പതിനഞ്ച്) ആയും നിജപ്പെടുത്തിയിട്ടുണ്ട്.

ആസ്തി വികസന പദ്ധതിയിൻ കീഴിലുള്ള പ്രവർത്തികളുടെ കുറഞ്ഞ തുക പത്തു ലക്ഷമായി കുറയ്ക്കണമെന്ന് നിയമസഭാ സാമാജികർ ആവശ്യപ്പെട്ടതനുസരിച്ച് ഈ വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും എം.എൽ.എ മാരുടെ നിയോജക

മണ്ഡല ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ഒരു സാമ്പത്തിക വർഷം അനുവദനീയമായ 15 മരാമത്ത് പണികളിൽ ഏതെങ്കിലും രണ്ടെണ്ണം പത്തു ലക്ഷത്തിൽ കുറയാതെയുള്ള അടങ്കലിൽ നടപ്പാക്കുന്നതിനു അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എസ്.വി. കല
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്

1. എല്ലാ നിയമസഭാ സാമാജികർക്കും.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
5. എല്ലാ വകുപ്പ് തലവന്മാർക്കും
6. ധനകാര്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
7. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
8. ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
9. ബഹു. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
10. ബഹു. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
11. റിസോഴ്സസ് സെക്രട്ടറിയുടെ സി.എ.
12. നോഡൽ ഓഫീസർ, www.finance.kerala.gov.in
13. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ